DESPATCHED On..20/2/2020
10.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം. 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.764(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3299/എസ്.ഐ.സി–ജി 5/2018)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഹുസൈൻ കോയ വി.,
മേലേകൊല്ലീരി വീട്,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം-673635 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കോപ്പറേറ്റീവ് സൊസൈറ്റി അസി. രജിസ്ട്രാറുടെ കാര്യാലയം, തിരൂരങ്ങാടി, മലപ്പുറം
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, സിവിൽ സ്റ്റേഷൻ ബി2 ബ്ലോക്ക്, മലപ്പുറം
3. അപ്പീൽ അധികാരി, കോപ്പറേറ്റീവ് സൊസൈറ്റി ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ കാര്യാലയം, മലപ്പുറം-676505

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.04.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.05.2017, 24.07.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.06.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.06.2017 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.03.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.04.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | – |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.01.2020 |
| ഹിയറിംഗ് തീയതി & സ്ഥലം | 09.01.2020 & വീഡിയോ |

| | |
|---|---|
| | കോൺഫറൻസ് ഹാൾ,<br>കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഹുസൈൻ കോയ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ചേലേമ്പ്ര അർബൻ സഹകരണ സംഘം എം. 658 ൽ വ്യാപകമായ അഴിമതിയും ചട്ടലംഘനവും നടക്കുന്നു എന്ന പരാതിയെ തുടർന്നാണ് വിവരങ്ങളും രേഖകളും ലഭിക്കുന്നതിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ അപേക്ഷ സമർപ്പിച്ചതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും ടിയാന്റെ അപേക്ഷയിലെ 3,4,5, 5 എ), 5എ)1, 7, 7എ), 9എ)1, 9ബി, 9സി, 9സി1, 9ഡി, 9ഇ, 9ഇ1 എന്നീ നമ്പരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേക്കായി ചേലേമ്പ്ര അർബൻ സഹകരണ സെക്രട്ടറിയ്ക്ക് കത്തു നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ടി സഹകരണ സംഘത്തിൽ നിന്നോ തിരൂരങ്ങാടി സഹകരണ സംഘം അസി. രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നോ വിവരങ്ങൾ ലഭിച്ചിട്ടില്ല എന്നും ടിയാന്റെ അപേക്ഷയിലെ 9–ാം നമ്പരിൽ ആവശ്യപ്പെട്ട വിവരങ്ങൾ മാത്രമാണ് നൽകിയതെന്നും ടി കാര്യം ചൂണ്ടിക്കാട്ടി അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ടിയാന് നൽകിയ മറുപടി തൃപ്തികരമല്ലെന്നും അപ്പീൽ ഹിയറിംഗിൽ ടിയാൻ ഹാജരായി എങ്കിലും ടി ഹിയറിംഗിൽ ടിയാൻ ഹാജരായില്ല എന്നാണ് പ്രസ്താവിച്ചിട്ടുള്ളതെന്നും വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം കൈമാറിക്കിട്ടിയ അപേക്ഷയിന്മേൽ തിരൂരങ്ങാടി സഹകരണ സംഘം അസി. രജിസ്ട്രാർ 77 ദിവസങ്ങൾക്ക് ശേഷമാണ് മറുപടി ലഭ്യമാക്കിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ടി എതിർകക്ഷിക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ചേലേമ്പ്ര അർബൻ സഹകരണ സംഘം എം. 658 സ്ഥാപനത്തിൽ 2010 നു ശേഷം യൂണിറ്റ് ഇൻസ്പെക്ടർ, സ്ഥാപനത്തിലെ മറ്റു ഉദ്യോഗസ്ഥർ പരിശോധന നടത്തിയ തീയതി, പരിശോധനാ റിപ്പോർട്ട് എന്നിവ നൽകണമെന്നും

ii. പരിശോധന റിപ്പോർട്ടിൽ ഒന്നാം നമ്പരായി പറഞ്ഞ കാര്യത്തിൽ ഇന്നേവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അതിന്റെ പകർപ്പുകൾ നൽകണമെന്നും

iii. ടി റിപ്പോർട്ടിൽ രണ്ടാം നമ്പരായി പറഞ്ഞ എസ്.ബി നിക്ഷേപങ്ങൾക്ക് ബാങ്ക് പലിശ ഇനത്തിൽ പരിശോധന കാലയളവിൽ നൽകേണ്ടിയിരുന്ന ആകെ തുക

RIGHT TO INFORMATION

എത്രയെന്നും മറ്റുമായി 9 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ തിരൂരങ്ങാടി അസി. രജിസ്ട്രാർ കാര്യാലയം നൽകിയ മറുപടിയിൽ അറിയിച്ചത്, തിരൂരങ്ങാടി സഹകരണ സംഘം (ജനറൽ) അസി. രജിസ്ട്രാർ ഓഫീസ് 09.02.2015 തീയതിയാണ് നിലവിൽ വന്നതെന്നും 10.08.2015, 11.08.2015 എന്നീ തീയതികളിലാണ് പരപ്പനങ്ങാടി യൂണിറ്റ് ഇൻസ്പെക്ടർ വിശദപരിശോധന നടത്തിയതെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് 16 രൂപ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 2,8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും 3,4,5,5എ, 5എ1, 6, 7, 7എ, 9എ1, 9ബി, 9സി, 9സി1, 9ഡി, 9ഇ, 9ഇ1 എന്നീ ഇനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കി നൽകുന്നതിലേക്കായി ചേലേമ്പ്ര അർബൻ സഹകരണ സംഘം സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ടെന്നും അതിന്റെ പകർപ്പ് ഹർജിക്കാരനും നൽകിയിട്ടുണ്ടെന്നും 9ഡി1 സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണത്തിന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയില്ല എന്നും ചേലേമ്പ്ര അർബൻ സഹകരണ സംഘം സെക്രട്ടറിക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം കൈമാറിയ അപേക്ഷയിന്മേൽ നാളിതുവരെ മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ടിയാൻ അവശ്യപ്പെട്ട വിവരങ്ങളും രേഖകളും സൗജന്യമായി നൽകാൻ നിർദ്ദേശം നൽകണമെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ മേൽ വിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിട്ടില്ല എന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി സമയബന്ധിതമായി ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ കൈമാറിയിട്ടുള്ള കാര്യം അറിയിച്ചിട്ടുണ്ടെന്നും ചേലേമ്പ്ര അർബൻ സഹകരണ സംഘം കേരള സഹകരണ നിയമത്തിലെ ചട്ടം 29 പ്രകാരം രണ്ടാം എതിർകക്ഷി ഓഫീസിലേക്ക് നൽകേണ്ട വിവരങ്ങളല്ല ഹർജിക്കാരൻ അവശ്യപ്പെട്ടിരുന്നതെന്നും ആയതിനാലാണ് ടി വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് ചേലേമ്പ്ര അർബൻ സഹകരണ സംഘത്തിന് അറിയിപ്പ് നൽകിയതെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ 4, 7, 7എ, എന്നീ ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയത് നൽകണമെന്നും 9-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ റിപ്പോർട്ടിന്റെ അസൽ പരിശോധിച്ച് ഹർജിക്കാരന് നൽകാൻ രണ്ടാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്. ആയത് പ്രകാരം രണ്ടാം എതിർകക്ഷി ഹർജിക്കാരന് 24.07.2017 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, 4,7,7എ എന്നീ ഇനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ സംഘത്തിൽ നിന്ന് ലഭ്യമായിട്ടില്ല എന്നും 9എ ഇനത്തിൽ ആവശ്യപ്പെട്ട പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും 9ബി-യിൽ ആവശ്യപ്പെട്ട പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും 9എ1, സി, സി1 ഇ1 എന്നിവ സംബന്ധിച്ച വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ഒന്നാം എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ടിയാന് നൽകിയിട്ടുളളതായി കാണുന്നു. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിരുന്നില്ല എന്നു കാണുന്നു. ടി വിവരങ്ങൾ നിർബന്ധമായും ഉൾക്കൊളളിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്നും ടിയാനെ ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ചേലേമ്പ്ര അർബൻ സഹകരണ സംഘവുമായി ബന്ധപ്പെട്ടതാണെന്നു കാണുന്നു. ടി സംഘം ബഹു. സുപ്രീം കോടതിയുടെ അപ്പീൽ സിവിൽ 9017/2013 ലെ ഉത്തരവ് പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ടി സംഘം വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ നൽകേണ്ടതില്ല എന്നു കാണുന്നു. ഹർജിക്കാരൻ ടി സംഘവുമായി ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ ടി സംഘം സാധാരണയായി സമർപ്പിക്കേണ്ടതല്ല എന്നും കാണുന്നു. ആയതിനാൽ ടി സംഘത്തിൽ നിന്നും ഹർജിക്കാരനു ലഭിക്കേണ്ട വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുവാൻ കമ്മീഷന് നിർവ്വാഹമില്ല. ഹർജിക്കാരൻ ടിയാന്റെ അപ്പീൽ ഹർജിയിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ടി സഹകരണ സംഘത്തിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുണ്ടെങ്കിൽ ആയതു ചൂണ്ടിക്കാട്ടി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുമ്പാകെ പരാതി സമർപ്പിച്ച് പരിഹാരം തേടാവുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലിയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ജനുവരി 10- ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp